14/02/2022 ...CHED

03.02.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.2022(4)/*2012/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.12933/*എസ്.ഐ.സി-ജി 2/2012*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**(തീയതി 03.02.2022)**

ശ്രീ. വി.വി. വിജയരാഘവ വാര്യർ,
ശിവപ്രഭ,
രാജരാജേശ്വര ക്ഷേത്രത്തിനുസമീപം,
ചിറവക്ക്, തളിപ്പറമ്പ് പി.ഒ, കണ്ണൂർ,
പിൻ- 670 141.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
   തളിപ്പറമ്പ് നോർത്ത്, കണ്ണൂർ.

2. അപ്പീൽ അധികാരി &
   ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
   ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസ്,
   തളിപ്പറമ്പ് നോർത്ത്, കണ്ണൂർ.

എതിർകക്ഷികൾ

## ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 02.08.2021 ന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ നൽകാൻ കഴിയാതിരുന്നത്, ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ സൂക്ഷിപ്പുകാലാവധി

കഴിഞ്ഞതുകൊണ്ടാണെന്ന് ഒന്നാം എതിർകക്ഷി പറഞ്ഞതിനെ സംബന്ധിച്ച് ടിയാളുടെ വിശദീകരണം ഒരു മാസത്തിനുള്ളിൽ നൽകണമെന്നായിരുന്നു പറഞ്ഞിരുന്നത്.

2. ഇതിനുശേഷവും തനിക്ക് വിവരങ്ങൾ ഒന്നും ലഭിച്ചില്ലെന്നു പറഞ്ഞ് അപ്പീൽ ഹർജിക്കാരൻ 18.08.2021 ൽ അയച്ച കത്ത് 26.08.2021 ൽ കമ്മീഷന് ലഭിച്ചു.

3. ഇതിനുശേഷം ഒന്നാംഎതിർകക്ഷിയുടെ വിശദീകരണം 06.11.2021 ൽ തയ്യാറാക്കിയത് 26.11.2021 ൽ കമ്മീഷന് ലഭിച്ചു. ടി വിശദീകരണം കമ്മീഷൻ പരിശോധിച്ചു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ കെ.ഡിസ്. ഫയലിലുള്ളതാണെന്നും, ഇത്തരം ഫയലുകളുടെ സൂക്ഷിപ്പുകാലാവധി 3 വർഷമായതിനാലുമായിരിക്കാം റിട്ടയർ ചെയ്ത മുൻ പ്രധാനാധ്യാപിക അപ്രകാരം മറുപടി നൽകിയിട്ടുള്ളതെന്നും, നിലവിലെ ഓഫീസ് റിക്കാർഡുകൾ പരിശോധിച്ചതിൽ നിന്നും ആയവ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നുമാണ് വിശദീകരണത്തിൽ പറയുന്നത്.

4. ഒന്നാം എതിർകക്ഷിയുടെ വിശദീകരണം മുഖവിലയ്ക്കെടുക്കാൻ കമ്മീഷൻ തയ്യാറാവുന്നില്ല. അതിന് കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. ഒരു മാസത്തിനുള്ളിൽ വിശദീകരണം നൽകണമെന്ന് കാണിച്ചുകൊണ്ടുള്ള കമ്മീഷന്റെ ഉത്തരവ് 12.08.2021 ൽ കമ്മീഷൻ ഓഫീസിൽ നിന്ന് അയച്ചിട്ടുള്ളതാണ്. എന്നാൽ ഇതിനുശേഷം ഒന്നാം എതിർകക്ഷി 3 മാസത്തോളമെടുത്ത് 06.11.2021ൽ തയ്യാറാക്കിയതായി കാണിച്ചിട്ടുള്ള വിശദീകരണകുറിപ്പ് കമ്മീഷന് ലഭിച്ചിട്ടുള്ളത് 26.11.2021ൽ ആണ്. എന്നു പറഞ്ഞാൽ, കമ്മീഷന്റെ ഉത്തരവിനോടുപോലും സമയബന്ധിതമായി പ്രതികരിക്കാൻ ഒന്നാം എതിർകക്ഷിക്ക് കഴിഞ്ഞിട്ടില്ല എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

2. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ മൂന്നു വർഷം മാത്രം സൂക്ഷിക്കേണ്ട കെ.ഡിസ്. ഫയലാണ് എന്നു പറഞ്ഞ് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിയാൻ ഒന്നാം എതിർകക്ഷിക്ക് കഴിയുകയില്ല. ഇക്കാര്യത്തിൽ തന്നെ ഒന്നാം എതിർകക്ഷിക്ക് വേണ്ടത്ര ഉറപ്പില്ല എന്നാണ് അതുമായി ബന്ധപ്പെട്ട വിശദീകരണത്തിൽ നിന്ന് മനസിലാവുന്നത്.

അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ അടങ്ങുന്ന ഫയൽ സംബന്ധിച്ച് 1993 മുതൽ ബഹു. കേരള ഹൈക്കോടതി (O.P No. 6970/1993 D, 603/1994 V, WP () No.29802/2018 (A) ബഹു. തളിപ്പറമ്പ് മുൻസിഫ് കോടതി (OS No. 71/1996, OS No. 218/2012) എന്നിവിടങ്ങളിൽ തുടർച്ചയായി കേസുകൾ നിലനിൽക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഇത്തരം ഒരു സാഹചര്യത്തിൽ '3 വർഷം മാത്രം സൂക്ഷിക്കേണ്ട കെ.ഡിസ് ഫയൽ ആണ്' എന്ന കേവല ന്യായം പറഞ്ഞ് വിവരങ്ങൾ നൽകുന്നതിൽ നിന്ന് ഒന്നാം എതിർകക്ഷിക്ക് ഒഴിഞ്ഞുമാറാൻ കഴിയില്ല.

5. അപ്പീൽ ഹർജിക്കാരന് നൽകിയ ചില രേഖകളുടെ പകർപ്പുകളാകട്ടെ, കോടതിയിൽ ഹാജരാക്കേണ്ട രേഖകളാണെന്ന് അറിഞ്ഞിട്ടുകൂടി, സാക്ഷ്യപ്പെടുത്താതെ നൽകിയതും ഒന്നാം എതിർകക്ഷിയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയായി കമ്മീഷൻ നിരീക്ഷിക്കുന്നു.

6. ആയതുകൊണ്ട്, 20.02.2022 നകം അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ കൃത്യമായി സാക്ഷ്യപ്പെടുത്തി പൂർണ്ണമായും സൗജന്യമായി ടിയാന് നൽകേണ്ടതും, ടി വിവരം 28.02.2022 നകം കമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒക്കെതിരെ വിവരാവകാശ നിയമം 20 (1) വകുപ്പ്പ്രകാരം കമ്മീഷൻ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതായിരിക്കും

7. മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 03.02.2022 ന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION ★ THIRUVANANTHAPURAM